LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്ത് ഭൂമി വിട്ടു നൽകാൻ നടപടി

3214 ശ്രീ. കെ. വി. വിജയദാസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകൾക്ക് നിക്ഷിപ്തമായിട്ടുള്ള ഭൂമി റവന്യൂ ഭൂമിയല്ലാത്തവ സർക്കാർ ആശുപത്രികൾ, റെസ്റ്റ് ഹൗസുകൾ എന്നിവ നിർമ്മിക്കുന്നതിനായി പഞ്ചായത്ത് വകുപ്പ് ബന്ധപ്പെട്ട വകുപ്പുകൾക്ക് വിട്ടുനൽകുന്നതിന് നിയമതടസ്സമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പഞ്ചായത്തുകൾ വിലയ്ക്കു വാങ്ങിയതും പഞ്ചായത്തുകൾക്ക് നിക്ഷിപ്തമായിട്ടുള്ളതുമായ ഭൂമി മറ്റ് വകുപ്പുകൾക്ക് വിട്ടുനൽകുന്നതിന് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങളുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ & ബി) ഗ്രാമ പഞ്ചായത്തുകളിൽ നിക്ഷിപ്തമായിട്ടുള്ള ഭൂമി മറ്റ് സർക്കാർ സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറുന്നതിന് നടപടി സ്വീകരിക്കേണ്ടത് പഞ്ചായത്ത് വകുപ്പല്ല മറിച്ച് അതാത് ഗ്രാമ പഞ്ചായത്തുകളാണ്.

2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയൊഴിക്കലും) ചട്ടങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്തുകൾ വാങ്ങിയ (ആർജിച്ച) രജിസ്റ്റേർഡ് ഭൂമിയുടെ ഉടമസ്ഥത ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്. പ്രസ്തുത ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരുമായി കൂടിയാലോചിച്ച് ഗ്രാമ പഞ്ചായത്തുകൾക്ക് ഭൂമി വിനിയോഗിക്കാവുന്നതാണ്. സംസ്ഥാന സർക്കാരിന്റെ ഏതെങ്കിലും വകുപ്പിന് പദ്ധതി നിർവ്വഹണത്തിനായി ഇത്തരം ഭൂമികൾ വിട്ടൊഴിയേണ്ടതുണ്ടെങ്കിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ അനുമതി തേടിയശേഷം റവന്യൂ വകുപ്പിലേക്ക് ഡീവെസ്റ്റ് ചെയ്യേണ്ടതാണ്. തുടർന്ന് ഭൂമി ആവശ്യമുള്ള വകുപ്പിന്റെ അർത്ഥനാപത്രം ലഭിക്കുന്ന മുറയ്ക്ക് ഔപചാരിക നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് സർക്കാരിലെ റവന്യൂ വകുപ്പ് ഭൂമി കൈമാറ്റ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു. ഭൂമി കൈമാറ്റം, പതിവ്, പാട്ടം തുടങ്ങിയ വിഷയങ്ങളിൽ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള അധികാരം സർക്കാരിലെ റവന്യൂ വകുപ്പിലാണ് റൂൾസ് ഓഫ് ബിസിനസ് പ്രകാരം നിക്ഷിപ്തമായിട്ടുള്ളത്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാന സർക്കാരിൽ നിന്നും ഗ്രാമ പഞ്ചായത്തുകളിൽ നിക്ഷിപ്തമാക്കപ്പെട്ട ഭൂമി

ഏതെങ്കിലും വകുപ്പുകളുടെ പദ്ധതി നിർവ്വഹണത്തിന് ആവശ്യമുണ്ടെങ്കിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും വിജ്ഞാപനം പുറപ്പെടുവിച്ച് പ്രസ്തുത ഭൂമികളെ പഞ്ചായത്ത് രാജ് ആക്ടിന്റെ പരിധിയിൽ നിന്നൊഴിവാക്കിയ ശേഷം ഔപചാരിക ഭൂമികൈമാറ്റ നടപടികൾ സ്വീകരിച്ച് ഭൂമി കൈമാറി നല്കാവുന്നതാണ്. വിജ്ഞാപനം പുറപ്പെടുവിക്കുന്ന നടപടി തദ്ദേശസ്വയംഭരണ വകുപ്പും, തുടർന്നുള്ള ഭൂമി കൈമാറ്റ നടപടികൾ റവന്യൂ വകുപ്പുമാണ് സ്വീകരിക്കുന്നത്.

ഗ്രാമപഞ്ചായത്ത് വിലയ്ക്കു വാങ്ങിയ ഭൂമി

3215 ശ്രീ. കെ. വി. വിജയദാസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്ത് വിലയ്ക്കുവാങ്ങിയിട്ടുള്ള ഭൂമി, ആശുപത്രികൾ, ഹോസ്റ്റലുകൾ, ഫയർ സ്റ്റേഷനുകൾ മുതലായ സർക്കാർ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനായി മറ്റു വകുപ്പുകൾക്ക് പഞ്ചായത്ത് വകുപ്പ് തന്നെ കൈമാറുന്നതിന് വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ സഹിതം വിശദ വിവരങ്ങൾ നൽകുമോ;

(ബി) ഇത്തരത്തിൽ പഞ്ചായത്ത് വകുപ്പ് ഇതര വകുപ്പുകൾക്ക് ഭൂമി കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) പഞ്ചായത്ത് വിലയ്ക്ക് വാങ്ങിയ ഭൂമി സർക്കാർ അനുമതിയോടെ വില്പന നടത്തുന്നതിന് മാത്രമേ കേരള പഞ്ചായത്ത് രാജ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളൂ. മറ്റ് വകുപ്പുകൾക്ക് കൈമാറുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമാണ്.

(ബി) തിരുവനന്തപുരം ജില്ല : കോട്ടുകാൽ ഗ്രാമ പഞ്ചായത്ത് PHC സ്ഥാപിക്കുന്നതിന് ആരോഗ്യവകുപ്പിനും പെരുങ്ങല ഗ്രാമ പഞ്ചായത്ത് കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്കും കരവാരം പഞ്ചായത്ത് പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് ആഭ്യന്തര വകുപ്പിനും കിളിമാനൂർ ഗ്രാമ പഞ്ചായത്ത് സ്കൂൾ സ്ഥാപിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പിനും രാജാ രവിവർമ്മ സ്മാരകവും ആർട്ട് സ്കൂളും സ്ഥാപിക്കുന്നതിന് സാംസ്കാരിക വകുപ്പിനും ഭൂമി കൈമാറിയിട്ടുണ്ട്.

കൊല്ലം ജില്ല : ചടയമംഗലം ഗ്രാമ പഞ്ചായത്ത് കെ.എസ്.ആർ.ടി.സി.- യ്ക്കും സബ്ട്രഷറിക്കും ഇളമാട് ഗ്രാമ പഞ്ചായത്ത് ഗവ. ഐ.റ്റി.ഐ.- യ്ക്കും, കല്ലുവാതുക്കൽ

LIBRARY ARCHIVES Kerala Legislative Assembly